(ഡി) ഇത്തരം നിയമന നടപടികൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനകീയ മത്സ്യകൃഷി നടപ്പിലാക്കാൻവേണ്ടി കരാർ വ്യവസ്ഥയിൽ 49 ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർമാരെയും 19 ജലകൃഷി വിദഗ്ദ്ധരേയും നിയമിക്കുകയുണ്ടായി.

(ബി) ഈ നിയമനങ്ങൾ നടത്തിയപ്പോൾ നിയമന വ്യവസ്ഥകളും സംവരണ മാനദണ്ഡങ്ങളും ലംഘിച്ചിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയത്. ഇവരുടെ നിയമനം തുടരുന്നതിനെ സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(സി) എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ച നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളത്. ഇതിൽ മലബാർ പ്രദേശത്തുനിന്നുള്ള ആൾ എന്ന കാരണത്താൽ ആരെയും നിയമനത്തിൽ ഉൾപ്പെടുത്താതിരുന്നിട്ടില്ല.

(ഡി) നിയമന വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടത്തിയിട്ടില്ല.

കനകക്കുന്നിലെ അലങ്കാര മത്സ്യ പ്രദർശനം

25 (2900) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99, 1999-2000 വർഷങ്ങളിൽ മത്സ്യ ഫെഡ്ഡിന്റെ നേതൃത്വത്തിൽ കനകക്കുന്നു കൊട്ടാരവളപ്പിൽ അലങ്കാര മത്സ്യ പ്രദർശനങ്ങൾക്കായി ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചു ; ഇതിനാവശ്യമായ പണം എവിടെ നിന്നെല്ലാമാണ് ലഭിച്ചത് ;

(ബി) 1999-ൽ കോഴിക്കോട് നടത്തിയ "മത്സ്യ അലങ്കാർ" ആരാണ് സംഘടിപ്പിച്ചത് ;

(സി) ഇതിനായി ഫിഷറീസ് വകുപ്പ് മത്സ്യഫെഡ്, അഡാക്ക് മത്സ്യബോർഡ് എന്നീ സ്ഥാപനങ്ങൾ എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ നാലു അലങ്കാരമത്സ്യ പ്രദർശനത്തിനും ഗേറ്റ് കളക്ഷനിലൂടെ ഓരോ വർഷവും എത്ര രൂപ പിരിച്ചെടുത്തു ;

(ഇ) ഈ തുക സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1998-99-ലും, 1999-2000 ലും തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ പുഷ്പഫല പ്രദർശനത്തോടനുബന്ധിച്ച് അലങ്കാര മത്സ്യങ്ങളുടെ പ്രദർശനം മത്സ്യഫെഡ് സംഘടിപ്പിച്ചിരുന്നു. ഇതിൽ 1998-99-ൽ സ്റ്റാൾ സംഘടിപ്പിച്ച ഇനത്തിൽ 16,138 രൂപ ചെലവാക്കുകയുണ്ടായി. 1999-2000 വർഷത്തിൽ അലങ്കാര മത്സ്യ പ്രദർശനത്തിനുവേണ്ടി വന്ന മുഴുവൻ ചെലവും (മത്സ്യ ഫെഡിന്റെ ഉൾപ്പെടെ) പുഷ്പ ഫല പ്രദർശന കമ്മിറ്റിയാണ് വഹിച്ചത്.

(ബി) സംസ്ഥാന മത്സ്യ വകുപ്പും മത്സ്യഫെഡും സംയുക്തമായാണ് പ്രസ്തുത മത്സ്യ അലങ്കാർ സംഘടിപ്പിച്ചത്.

(സി) സംസ്ഥാന മത്സ്യവകുപ്പ് 15.5 ലക്ഷം രൂപയും മത്സ്യഫെഡ് 8,41,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. മത്സ്യബോർഡിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. അഡാക്ക് ഈ പ്രദർശനത്തിൽ പങ്കെടുത്ത ഇനത്തിൽ 29,674 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) 1997-98-ൽ തിരുവനന്തപുരത്ത് നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപന വഴി 2,29,620 രൂപയും 1998-99 ൽ കോഴിക്കോട് വച്ചു നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപ്പന വഴി 2,55,046 രൂപയും ലഭിക്കുകയുണ്ടായി. 1998-99-ലും 1999-2000-ലും കനകക്കുന്നു കൊട്ടാരവളപ്പിൽ വച്ചു പുഷ്പ ഫല പ്രദർശനത്തോടനുബന്ധിച്ച് നടന്ന അലങ്കാര മത്സ്യ പ്രദർശനത്തിനുള്ള ടിക്കറ്റ് വിൽപ്പന പുഷ്പ ഫല പ്രദർശന കമ്മിറ്റിയാണ് നടത്തിയത്.

(ഇ) സർക്കാരിലേയ്ക്ക് അടച്ചിട്ടില്ല. 1997-98 ൽ തിരുവനന്തപുരത്തും 1998-99 -ൽ കോഴിക്കോടും വച്ച് നടത്തിയ പ്രദർശനങ്ങളിൽ ടിക്കറ്റു വിൽപന പ്രകാരം പിരിഞ്ഞുകിട്ടിയ തുക കൂടി ചെലവഴിച്ചാണ് പ്രസ്തുത പ്രദർശനങ്ങൾ നടത്തിയത്.

അലങ്കാരമത്സ്യ പ്രദർശനങ്ങൾ

26 (2901) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99, 1999-2000 വർഷങ്ങളിൽ മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, അഡാക്ക്, മത്സ്യബോർഡ് എന്നീ സ്ഥാപനങ്ങൾ എവിടെയെല്ലാം അലങ്കാരമത്സ്യ പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രദർശനങ്ങൾക്ക് എത്ര രൂപ വീതം മേൽപ്പറഞ്ഞ ഓരോ വകുപ്പും ഏജൻസികളും ചെലവഴിച്ചിട്ടുണ്ട് ; പ്രസ്തുത പണം എവിടെ നിന്നും ലഭിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly